**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 553**

**28.02.2017 - ൽ മറുപടിക്ക്.**

## വ്യവസായ വകുപ്പിൽ ഇ-ഗവേണൻസ്

ചോദ്യം
ശ്രീ. ചിറ്റയം ഗോപകുമാർ,
ശ്രീ. ജി.എസ്. ജയലാൽ,
ശ്രീമതി ഗീതാ ഗോപി,
ശ്രീമതി സി.കെ. ആശ.

മറുപടി
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി).**

| ചോദ്യം | മറുപടി |
| --- | --- |
| (എ) വ്യവസായ വകുപ്പിൽ ഇ-ഗവേർണൻസ് വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഇതിന്റെ ഭാഗമായുള്ളത് എന്നറിയിക്കുമോ ; | (എ) : വ്യവസായ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ വെബ്സൈറ്റ് സംവിധാനം, കേരള എം.എസ്.എം.ഇ. ജിയോ പോർട്ടൽ സംവിധാനം, വൈഡ് എരിയ നെറ്റ് വർക്കിങ് (KSWAN), ലാന്റ് മാനേജ്മെന്റ് സിസ്റ്റം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട സംരംഭങ്ങളുടെ വിവര ശേഖരണത്തിനാണ് ജിയോ പോർട്ടൽ സംവിധാനം. സംരംഭങ്ങളെ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ശേഖരിച്ച് ഗ്ലോബൽ പൊസിഷനിങ് സംവിധാനം (ജി.പി.എസ്) ഉപയോഗിച്ച് അവയുടെ സ്ഥാനം രേഖപ്പെടുത്തി വ്യവസായ ഭൂപടം സജ്ജീകരിക്കും. ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നെറ്റ് വർക്കിങ് സംവിധാനത്തിലാക്കുന്നതിനാണ് KSWAN എന്ന പദ്ധതി. വ്യവസായ വകുപ്പിന്റെ വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയുടെ വിതരണവും വിനിയോഗവും ഓൺലൈൻ സംവിധാനത്തിലാക്കുന്നതാണ് ലാന്റ് മാനേജ് മെന്റ് സിസ്റ്റം കൊണ്ടുദ്ദേശിക്കുന്നത്. |
| (ബി) ഇ-ഗവേർണൻസ് വ്യാപകമാക്കുന്നത് മുഖേനെയുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) : വകുപ്പിന്റെ ഉപയോക്താക്കൾക്ക് മെച്ചപ്പെട്ടതും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുവാൻ കഴിയും. അഴിമതിരഹിതമായ സേവനം ഉറപ്പുവരുത്താനും കഴിയും. |
| (സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളെ നെറ്റ് വർക്ക് മുഖേന ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | (സി) : ഉണ്ട്. |

സെക്ഷൻ ഓഫീസർ.